മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം നമ്പർ *31

**പോഷകാഹാര പദ്ധതി**

(*31) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ ഏതെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്...... ഇത് ചോദ്യോത്തര സമയമാണ്. ദയവായി സഹകരിക്കണം. ചോദ്യോത്തര സമയത്ത്......... പ്രതിപക്ഷ ഉപനേതാവ്

സംസാരിക്കട്ടെ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബാർ കോഴ കേസ് അട്ടിമറിച്ചതിന് എതിരായി അടിയന്തരപ്രമേയത്തിന് ഞങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. അസാധാരണമായ ഒരു സ്ഥിതിവിശേഷമാണിത്. അതുസംബന്ധിച്ച് ചെയറിന് എന്താണ് പറയുവാനുള്ളതെന്നറിയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ ചോദ്യോത്തര സമയത്ത് അടിയന്തരപ്രമേയം എടുത്തിട്ടുണ്ടോ? .......(ബഹളം)....... അടിയന്തരപ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. ചോദ്യോത്തരസമയം കഴിഞ്ഞതിനുശേഷം അതെടുക്കും. അടിയന്തരപ്രമേയത്തിന് അതിന്റേതായ സമയമുണ്ട്. പ്ലീസ്........ പ്ലീസ്........ ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവകുപ്പുമന്ത്രിക്ക് മറുപടി നൽകാവുന്നതാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ,

(എ) ജനനി ജന്മരക്ഷ എന്ന പദ്ധതിക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് രൂപംകൊടുത്തിട്ടുണ്ട്. 11-08-2013 മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. (സർക്കാർ ഉത്തരവ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു).

(ബി) എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച ജനനി ജന്മരക്ഷ പദ്ധതിയിലൂടെ അവർക്ക് പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(സി) ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയുംവരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം വരെ ഗുണഭോക്താവിന് മണിയോർഡറായി ധനസഹായം നൽകിവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭ്യമാക്കുക എന്ന് ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആദിവാസി മേഖലയിലെ ഗർഭിണികളായ എല്ലാ അമ്മമാർക്കും കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ട്രൈബൽ പ്രൊമോട്ടേഴ്സിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പോഷകാഹാര കുറവുമൂലം ആദിവാസി സ്ത്രീകൾ പ്രസവിക്കുന്ന കുഞ്ഞുങ്ങൾക്ക് ആരോഗ്യമില്ലാത്തതിന്റെ പേരിൽ മരണംവരെ സംഭവിക്കുന്നതായും ഇതിനെ പ്രതിരോധിക്കാൻവേണ്ടി ജനനി ജന്മരക്ഷ എന്ന

പദ്ധതിക്ക് പട്ടികവർഗ്ഗവികസന വകുപ്പ് രൂപംകൊടുത്തിട്ടുള്ളതായും അടുത്തകാലത്ത് അറിയാൻ സാധിച്ചിട്ടുണ്ട്. പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത് ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, പരമ്പരാഗത കൃഷിരീതികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കൃഷിവകുപ്പുമായി ചേർന്ന് ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. അട്ടപ്പാടി മേഖലയിൽ പരമ്പരാഗത കൃഷി നടത്തുന്നതിന് കഴിഞ്ഞ വർഷം 3.08 കോടി രൂപ കൃഷി വകുപ്പിന് നൽകിയിട്ടുണ്ട്. ഏകദേശം 8060 ഗുണഭോക്താക്കൾക്കായി ഏകദേശം 1300 ഏക്കർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഭക്ഷ്യധാന്യ വിതരണ പദ്ധതിക്കുപുറമേ ആഹാരസാധനങ്ങൾ പാചകം ചെയ്തുനൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ജനനി ജന്മരക്ഷ പദ്ധതിക്കുപുറമേ ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടി

പ്രത്യേക പദ്ധതിക്ക് പട്ടികവർഗ്ഗവികസന വകുപ്പ് രൂപംകൊടുത്തിട്ടുണ്ട്. അതിന്റെ 'ശതദിന' എന്ന പരിപാടി കഴിഞ്ഞവർഷം...... സംസ്ഥാനത്ത് പട്ടികവർഗ്ഗ ജനസംഖ്യയിൽ ഏറ്റവും കൂടുതൽ മുന്നിൽ നിൽക്കുന്ന പണിയ വിഭാഗത്തിലുള്ളവർക്ക് പ്രത്യേകമായൊരു പദ്ധതി തന്നെ രൂപീകരിച്ചിട്ടുണ്ട്. കൃത്യമായി ഭക്ഷണം കഴിക്കാതിരിക്കുന്നതുമൂലം പോഷകക്കുറവ് അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അതനുസരിച്ച് വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 100 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹായത്തോടുകൂടി 6 വയസ്സുവരെയുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, പ്രായാധിക്യം വന്നവർ എന്നിവർക്ക് മൂന്ന് നേരം ഭക്ഷണം തയ്യാറാക്കി നൽകുവാനുള്ള പ്രോജക്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. വയനാട് ജില്ലയിൽ 1420 കുടുംബങ്ങൾക്കും കണ്ണൂരിൽ 1720-ഉം കോഴിക്കോട് 507-ഉം മലപ്പുറം ജില്ലയിൽ 1226 എന്നിങ്ങനെ 4873 പേർക്കാണ് മൂന്ന് നേരം ഭക്ഷണം നൽകിവന്നത്. തെരഞ്ഞെടുക്കപ്പെട്ട പണിയ വിഭാഗത്തിൽപ്പെട്ട കുടുംബശ്രീ അംഗങ്ങളെത്തന്നെയാണ് ഭക്ഷണം പാകം ചെയ്യുന്നതിനുവേണ്ടി നേതൃത്വം കൊടുക്കുന്നതിന് പ്രത്യേക പരിശീലനം കൊടുത്ത്

ഈ പദ്ധതി നടപ്പിലാക്കിയത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ മേഖലകളിലെ പോഷഹാകാരകുറവ് പരിഹരിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിലൊന്ന് ജനനി ജന്മരക്ഷ എന്ന പദ്ധതിയാണ്. ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ അത് പോഷകാഹാരക്കുറവുണ്ടാകുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഈ വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും മോണിറ്ററിംഗ് സംവിധാനങ്ങളുണ്ടോ; കൂടാതെ ഈ ധനസഹായം സമയബന്ധിതമായി അമ്മമാർക്ക് മണിയോർഡർ അനുസരിച്ച് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, ജനനി ജന്മരക്ഷ പദ്ധതി പ്രകാരം നാളിതുവരെ 9473 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. തിരുവനന്തപുരം - 348, കൊല്ലം - 106, പത്തനംതിട്ട - 82, കോട്ടയം - 303, ഇടുക്കി - 945, എറണാകുളം - 149, തൃശ്ശൂർ - 94, പാലക്കാട് - 1080, മലപ്പുറം - 239, കോഴിക്കോട് - 257, വയനാട് - 3792, കണ്ണൂർ - 915, കാസർഗോഡ് - 1163. ജില്ലതിരിച്ച് ഇത്രയും പേർക്കാണ് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ

ആകെ 762 പേർ ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം അർഹമായ ധനസഹായം പൂർണ്ണമായും കൈപ്പറ്റിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഗഡുക്കളായി മണിയോർഡർവഴിയാണ് ധനസഹായം വിതരണം ചെയ്യുന്നത്. ഭവനങ്ങളിൽ മണിയോർഡറുമായി ചെല്ലുമ്പോൾ പലപ്പോഴും അർഹരായ ആളുകൾ അവിടെ ഇല്ലെങ്കിൽ അവർക്ക് ട്രൈബൽ ഡിപ്പാർട്ടുമെന്റ് മുഖേന ധനസഹായം കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. റ്റി. ജോർജ്: സർ, ഈ സർക്കാരിന്റെ ശക്തമായ നടപടികൾമൂലം ആദിവാസി മേഖലകളിൽ ശിശുമരണനിരക്ക് കുറയ്ക്കുവാൻ കഴിഞ്ഞു. അതിന് ഞാൻ പ്രിയപ്പെട്ട വകുപ്പുമന്ത്രിയെ അനുമോദിക്കുകയാണ്. ജനനി ജന്മരക്ഷ പദ്ധതിയിൽ അർഹരായ എല്ലാവർക്കും ധനസഹായം ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളെയും മുലയൂട്ടുന്ന അമ്മമാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർക്കും ട്രൈബൽ പ്രൊമോട്ടേഴ്സിനും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : സർ, പോഷകാഹാരക്കുറവുള്ള ആദിവാസി ഊരുകളിൽ ഭക്ഷ്യസാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളില്ല. ഇതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ജനനി ജന്മരക്ഷ പദ്ധതിക്കുപുറമേ ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അവരുടെ പരമ്പരാഗത ഭക്ഷ്യധാന്യങ്ങളായ റാഗിയുൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനുള്ള പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഫുഡ് സപ്പോർട്ട് പ്രോഗ്രാം പോലെതന്നെ ഭക്ഷ്യസാധനങ്ങൾ ശേഖരിച്ച് പാക്ക് ചെയ്ത് ഗുണഭോക്താക്കൾക്ക് നേരിട്ട് എ.സി.എഫ്സ്. മുഖേന എത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അവർക്ക് പോഷകാഹാരത്തിന് പുറമേ അയഡിന്റെ കുറവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി വിജയകരമാകുമെങ്കിൽ അത് മറ്റ് ജില്ലകളിൽകൂടി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പട്ടികവർഗ്ഗ

ജനവിഭാഗത്തിൽപ്പെട്ടവർക്ക് പോഷക മൂല്യമുള്ള ഭക്ഷണം, വാസയോഗ്യമായ വീട്, അവിടെ വെള്ളം, വെളിച്ചം, സൗജന്യമായ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നിവയ്ക്ക് അവകാശമുണ്ട്. സ്വാതന്ത്ര്യം ലഭിച്ച് ആറരപതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇന്നും പട്ടികവർഗ്ഗമേഖലയിൽ ഇതൊന്നുംതന്നെ ലഭ്യമാകുന്നില്ല. സ്കൂളിൽ പോകേണ്ട പ്രായപരിധിയിൽപ്പെട്ട കുട്ടികൾ സ്കൂളിൽ പോകുന്നില്ല. ഞാൻ കഴിഞ്ഞദിവസം അരുവിക്കര നിയോജകമണ്ഡലത്തിലെ കുറ്റിച്ചൽ പഞ്ചായത്തിലുള്ള കോട്ടൂർ എന്ന കോളനി സന്ദർശിക്കുകയുണ്ടായി. അവിടെ പത്ത് വയസ്സുള്ള 13 കുട്ടികൾ വാഹന സൗകര്യമില്ലാത്തതിനാൽ സ്കൂളിൽ പോകുന്നില്ല. ഒരു ദിവസം 300 രൂപ കൊടുത്താൽ മാത്രമേ വാഹനത്തിൽ അവർക്ക് സ്കൂളിലെത്താൻ സാധിക്കുകയുള്ളൂ എന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. ഒരു ഏകാദ്ധ്യാപക സ്കൂൾ ഉണ്ടായിരുന്നത് നിർത്തലാക്കുകയും ചെയ്തു. അവിടെയുള്ള കുട്ടികളെ സ്കൂളുകളിലെത്തിക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ടുമെന്റ് ഒരു വാഹനം കൊടുത്തിരുന്നെങ്കിൽ ആ കുട്ടികൾ സ്കൂളിൽ പോകുമായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ നോക്കാൻ ഒരു ഉദ്യോഗസ്ഥനോ സംവിധാനമോ ഒന്നും പട്ടികവർഗ്ഗ കോളനിയിലില്ല. അവിടെ സന്ദർശനം നടത്തിയതിൽ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ കോളനി സന്ദർശിച്ചിട്ടുള്ളതിനാൽ അത് മുഖ്യമന്ത്രിക്കും

മനസ്സിലായി. ഇലക്ഷൻ കാലയളവിൽമാത്രം ഇക്കാര്യങ്ങളിൽ ഇടപെട്ടാൽ മതിയാകില്ല. നമ്മൾ ഇടപെടണം. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ആളുകളുടെ കണ്ണ് തുറപ്പിക്കുന്ന സ്ഥിതിവിശേഷമാണ് കോളനികളിലുള്ളത്. ഡോ.ബി.ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ നമ്മുടെ കോളനികളുടെ അവസ്ഥയാണിത്. അതുകൊണ്ട് ഈ ഗവൺമെന്റ് പ്രഖ്യാപനമല്ലാതെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ എന്തെങ്കിലും പ്രതികരിക്കണം.

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, വിദൂരവും ദുർഘടവും നിറഞ്ഞ ആദിവാസി ഊരുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുവേണ്ടി 2013-ൽ 'ഗോത്ര സാരഥി' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളാണ് വിദൂരവും ദുർഘടവുമായ കോളനികൾ കണ്ടെത്തി ലിസ്റ്റ് പട്ടികവർഗ്ഗ വികസന വകുപ്പിന് സമർപ്പിക്കുന്നത്. സ്കൂൾ പി.ടി.എ. യുടെയും പ്രിൻസിപ്പലിന്റെയും പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെയും നിരീക്ഷണത്തിലാണ് ഈ പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നത്. ഇത് പ്രത്യേകമായി പരിശോധിക്കുന്നതാണ്. ഈ വർഷം കുറിച്ചൽ പഞ്ചായത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസമാണ് സ്കൂൾ ആരംഭിച്ചത്.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കാൻ ഗ്രാമവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു ഭവന നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഗോത്ര സാരഥി പദ്ധതി.യും നടപ്പിലാക്കുന്നുണ്ട്. ഈ കോളനികളിൽ എവിടെയെങ്കിലും ലഭിക്കാത്തതുണ്ടെങ്കിൽ അത് കൃത്യമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, പ്രതിപക്ഷ ഉപനേതാവ് ഞാൻ കൂടി കണ്ട കാര്യത്തിന് മറുപടി പറയണമെന്ന് പറഞ്ഞു. ഞാൻ അവിടെ പോയിരുന്നു, കണ്ടു. അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഏത് വിഭാഗത്തിന്റെയും ശാശ്വതമായ പുരോഗതി വിദ്യാഭ്യാസത്തിൽ കൂടി മാത്രമേ നടക്കൂ. ആദിവാസികളുടെയും പട്ടികവർഗ്ഗക്കാരുടെയും വികസനവും പുരോഗതിയും വിദ്യാഭ്യാസത്തിൽ കൂടി മാത്രമേ നേടാൻ സാധിക്കൂ എന്നുള്ളതാണ് യാഥാർത്ഥ്യം. അത് തിരിച്ചറിഞ്ഞുകൊണ്ടാണ് ആദിവാസികളുടെയും പട്ടികവർഗ്ഗ വിഭാഗത്തിന്റെയും കാര്യങ്ങൾ ഡിസ്കസ് ചെയ്യുന്ന സമയത്ത് പരമാവധി റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിച്ച് ഈ കുട്ടികളെ ഹോസ്റ്റലിൽ താമസിപ്പിച്ച് വിദ്യാഭ്യാസ പുരോഗതിയും അതോടൊപ്പം

തന്നെ പൊതു ജീവിതധാരയിലേയ്ക്ക് കൊണ്ടുവരാനും സാധിക്കണമെന്നുള്ള നിർദ്ദേശമാണ് പൊതുവെ നൽകിയിട്ടുള്ളത്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞകാര്യങ്ങൾക്ക് മന്ത്രി മറുപടി പറഞ്ഞു. വാഹനങ്ങൾ കൊടുക്കുന്ന സ്കീം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഈ പർട്ടിക്കുലറായ സ്ഥലത്ത് അതിന്റെ കുറവ് ഉണ്ടെങ്കിൽ പ്രത്യേകമായി പരിഗണിക്കുമെന്ന് പറഞ്ഞു. ഏതായിരുന്നാലും ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. അതുപോലെ തന്നെ വാഹനങ്ങൾ കൊടുക്കാൻ ഡിപ്പാർട്ടുമെന്റ് ഇതിനോടകം തന്നെ ആരംഭിച്ചിട്ടുള്ള പദ്ധതി കുറെ കൂടി വിപുലമാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കും.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, അട്ടപ്പാടിയും എന്റെ നിയോജക മണ്ഡലത്തിലുള്ള ആറളം ആദിവാസി സെറ്റിൽമെന്റുമാണ് സംസ്ഥാനത്തെ ആദിവാസി കോളനികളിൽ പ്രധാനപ്പെട്ട സെറ്റിൽമെന്റ് കേന്ദ്രങ്ങൾ. ആറളത്ത് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ, പുതിയതായി ഒരു പി.എച്ച്.സി.യും കിടത്തി ചികിത്സാ സൗകര്യമുള്ള ഒരു ഹോമിയോ ആശുപത്രിയും ആരംഭിക്കാനും അതുപോലെ തന്നെ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്. അതുപോലെ ജലനിധിയുടെ കുടിവെള്ള പദ്ധതി അവിടെ പ്രവർത്തിച്ചു വരികയാണ്. റോഡുകൾക്കും

പാലങ്ങൾക്കും പണം അനുവദിച്ചിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ കാര്യത്തിൽ ആറളത്ത് ഹൈസ്കൂൾ ഉണ്ടെങ്കിൽ പോലും അത് മോഡൽ റസിഡൻഷ്യൽ സ്കൂൾ ആയി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിനുള്ള നടപടികൾ എന്തായി; മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി ആറളം, അട്ടപ്പാടി തുടങ്ങിയ ആദിവാസി കേന്ദ്രങ്ങളിൽ പ്രത്യേക പാക്കേജ് ആരംഭിക്കുമോ; പദ്ധതികളുണ്ടോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ആറളം റീസെറ്റിൽമെന്റ് ഏര്യയിൽ വിവിധ പദ്ധതികൾ ഇതിനോടകം തന്നെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി ഇനിയും നടപ്പിലാക്കേണ്ടതുണ്ട്. ഒരു നല്ല ബിൽഡിംഗ് ഉണ്ടെങ്കിൽ മാത്രമേ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അടിസ്ഥാന സൗക്യങ്ങൾ ഇല്ലാതെ ആരംഭിക്കാൻ കഴിയില്ല. അതിന്റെ നടപടിക്രമങ്ങൾ വളരെ ദ്രുതഗതിയിൽ നടക്കുന്നുണ്ട്, വളരെ സ്പീഡിൽ തന്നെ അത് ചെയ്യുന്നതാണ്. മറ്റു കാര്യങ്ങളെ സംബന്ധിച്ച്, റീസെറ്റിൽമെന്റ് ഏര്യയിൽ നബാർഡിന്റെ സഹായത്തോടുകൂടി പ്രത്യേക പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. അത് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽപ്പെട്ട ആളുകളുടെ ക്ഷേമപ്രവർത്തനങ്ങളെ

കുറിച്ചുപറഞ്ഞു. മുഖ്യമന്ത്രിയാണെങ്കിൽ അതിന്റെ അടിസ്ഥാന കാരണം തന്നെ വിശദീകരിച്ചു. അവിടെയൊരു സൗകര്യവും ഇല്ലായെന്നതാണ് ഇവിടെ ഉയർന്നുവന്ന പരാതി. ഇനി ഭാവിയിൽ ചെയ്യുന്ന കാര്യമാണ് അങ്ങ് പറഞ്ഞത്. എന്റെ ചോദ്യം അതല്ല, മിനിമം, കുട്ടികൾ മരിച്ചുവീഴുന്നതിന് എന്ത് നടപടിയാണ് എടുക്കുന്നത്; അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങളിലെ കുട്ടികൾ മരിച്ചുകൊണ്ടേയിരിക്കുന്നു. ആർക്കും ഒരു ദു:ഖമില്ല. അടിയന്തരമായി ഒന്നും ചെയ്യുന്നില്ല. ആരും ആ മരണവീടുകളിൽ എത്തുന്നില്ല. സർ, എന്താണ് ഈ ഭരണ പരിഷ്ക്കാരങ്ങൾ എന്നുപറയുന്നത്; മനുഷ്യത്വം വേണ്ടേ! വേറെയാരെങ്കിലും മരിച്ചാൽ ഓടി പോയി റീത്ത് വയ്ക്കുന്നു, പത്രങ്ങളിൽ വാർത്ത വരുന്നു. ആദിവാസി കുട്ടികളുടെ ഗതി ഈ ലോകം പോലും അറിയുന്നില്ല, മരണങ്ങൾ..... മന്ത്രിമാർ പോയി നോക്കേണ്ടേ; ഒരാഴ്ച അവിടെ പോയി താമസിക്കേണ്ടേ; ഇതിന് എന്ത് നടപടിയാണ് എടുക്കുന്നത്?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് അട്ടപ്പാടിയിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ആരോഗ്യ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും പ്രത്യേകിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെയും നല്ല ഇടപെടലുകൾ അതിലുണ്ട്. വിവിധ വകുപ്പുകളുടെ ഫലപ്രദമായ ഇടപെടലുകൾ

നിമിത്തം മരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2013 -ൽ 38 ആയിരുന്നത് 2014-ൽ 15 ആയും 2015-ൽ 7 -ആയും മരണ നിരക്ക് കുറയ്ക്കാൻ സാധിച്ചു. പക്ഷെ ഒരു മരണം പോലും സംഭവിക്കരുത് എന്നാണ് നമ്മളെല്ലാവരും പ്രാർത്ഥിക്കുന്നത്.

ശ്രീ. പാലോട് രവി: സർ, ആദിവാസികൾ താമസിക്കുന്നത് പട്ടണങ്ങളിലല്ല, മലകളുടെ വളരെ ഉൾപ്രദേശങ്ങളായ ഊരുകളിലാണ്. നമ്മുടെ ആദിവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ നേതൃത്വം കൊടുക്കേണ്ട സകല ഓഫീസുകളും പട്ടണങ്ങൾ കേന്ദ്രീകരിച്ചാണുള്ളത്. നെടുമങ്ങാട് താലൂക്കിൽ ഈ തെരഞ്ഞെടുപ്പ് നടന്ന നിയോജകമണ്ഡലം ഉൾപ്പെടെ പത്ത് പഞ്ചായത്തുകളിൽ നിർണ്ണായകമായ സ്വാധീനം ആദിവാസികൾക്കുണ്ട്. രണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർ (വിതുരയിലും പെരിങ്ങമ്മലയിലും) ആദിവാസികളാണ്. തിരുവനന്തപുരം നഗരത്തിലേയ്ക്കും നെടുമങ്ങാട് താലൂക്കിലേയ്ക്കും ഓരോ ആവശ്യങ്ങൾക്കുവേണ്ടി ഊരുകളിൽ നിന്ന് ആദിവാസി പ്രതിനിധികൾ എത്തുന്നതിന് പകരമായി ആയിരം ജനസംഖ്യയുള്ള ആദിവാസി ഊരുകളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളെ ഒരുമിപ്പിച്ച് കോ-ഓർഡിനേറ്റ് ചെയ്ത് ക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായും സമയ ബന്ധിതമായും പദ്ധതി അടിസ്ഥാനത്തിൽ

നടപ്പിലാക്കുവാൻ ആവശ്യമായ നോഡൽ ഓഫീസർമാരെ ഗവൺമെന്റ് നിയമിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, തിരുവനന്തപുരം ജില്ലയിൽ പല പഞ്ചായത്തുകളിലും ഭൂരിഭാഗവും ആദിവാസി സങ്കേതങ്ങൾ കിലോമീറ്ററുകൾക്കുള്ളിലാണ്. നേരിട്ട് സന്ദർശിച്ച് എനിക്ക് ബോദ്ധ്യപ്പെട്ടൊരു കാര്യമാണ്. എല്ലാ വകുപ്പുകളുടെയും വകുപ്പുമന്ത്രിയുമായി ആലോചിക്കേണ്ടതുണ്ട്. തീർച്ചയായിട്ടും ഇത് ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ അടിയന്തരമായി ശ്രദ്ധിക്കേണ്ടത്, ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞതുപോലെ, പോഷകാഹാരം ഉറപ്പുവരുത്തുക എന്നുള്ളതാണ്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ച് കമ്മ്യൂണിറ്റി കിച്ചന് രൂപം കൊടുത്തു. ഈ നിയമസഭയിൽ ആദ്യമായി കമ്മ്യൂണിറ്റി കിച്ചനെന്നു പറഞ്ഞത് ഞാനാണ്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി 196 കമ്മ്യൂണിറ്റി കിച്ചൻ രൂപം കൊടുത്തിട്ടുണ്ട്. അതിൽ ആകെ 86 എണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതിന് ഞാൻ മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല, കാരണം സപ്ലൈകോയ്ക്ക് 30,81,580 രൂപ ഈ ഗവൺമെന്റ് കൊടുക്കാൻ

ബാക്കിയാണ്. സപ്ലൈകോയിൽ നിന്നും സാധനം സൗജന്യമായി ലഭിക്കില്ല. അവർക്ക് തുക കൊടുക്കണം. ഇതുവരെ ഈ തുക കൊടുത്തിട്ടില്ല. അതുമാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു, പോഷകാഹാരത്തിന് 10 രൂപയാണ് കൊടുക്കുന്നതെന്ന്. 10 രൂപയ്ക്ക് എന്താണ് കിട്ടുന്നത്? ഹോസ്റ്റലിനേയും റോഡിനേയും കുറിച്ചൊക്കെ നമുക്ക് പിന്നീടാലോചിക്കാം. 110 കുട്ടികൾ ഇപ്പോൾ മരിച്ചു. ഈ മൂന്ന് മാസത്തിനുള്ളിൽ നിലമ്പൂരിൽ 10 കുട്ടികൾ മരിച്ചുവെന്ന് ഇന്നത്തെ പത്രത്തിൽ വന്നു. നിങ്ങൾ കമ്മ്യൂണിറ്റി കിച്ചന് ഉറപ്പു കൊടുക്കൂ. അതുവഴി ആദിവാസികൾക്ക് പരമ്പരാഗതമായി കിട്ടേണ്ടുന്ന ഭക്ഷണസാധനങ്ങൾക്ക് ഉറപ്പുനൽകൂ. അവ പ്രൊമോട്ടഴ്സിനെ വച്ച് വീട്ടിലെത്തിക്കൂ. എന്നാലേ ഈ പ്രശ്നം നമുക്ക് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അതിലേയ്ക്ക് ആദ്യം കേന്ദ്രീകരിക്കൂ. അതിനാവശ്യമായ ഫണ്ട് ധനകാര്യ വകുപ്പിൽ നിന്നും വാങ്ങാൻ ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നിലപാടെടുക്കുമോ; എന്നാലേ ഈ പ്രശ്നം അവസാനിക്കുകയുള്ളൂ.

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്നത് സാമൂഹ്യനീതി വകുപ്പാണ്. ഇക്കാര്യം വളരെ ഗൗരവത്തോടെ ശ്രദ്ധിക്കുന്നതായിരിക്കും.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ,

ഇപ്പോൾ 172 കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ ആധികാരികമായി പറയുകയാണ് 86 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ.

ഡോ. എം. കെ. മുനീർ: സർ, ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഞങ്ങളുടെ കൈവശമുണ്ട്. നേരത്തേ പറഞ്ഞ മറുപടിയുടെ സമയവും ഇപ്പോൾ പറഞ്ഞ മറുപടിയുടെ സമയവും നോക്കണം. ഇന്ന് 172 കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിക്കുന്നുണ്ട്. ഞങ്ങൾ അട്ടപ്പാടിയിൽ Neo netal mortality കുറയ്ക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള മുഴുവൻ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും ഇവിടെയുണ്ട്. അവ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. അതിൽ നിന്നും എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ അത് ഗൗരവമായി എടുക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആദിവാസി ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കിയ ഒരു പ്രത്യേക പദ്ധതിയാണ് ഉൾവനങ്ങളിൽ താമസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കുള്ള (Primitive Tribes) പദ്ധതി. അത് 2012 നും 2015 നും ഇടയിൽ പൂർത്തീകരിക്കേണ്ട ഒരു പദ്ധതിയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആനവായ്, തുടുക്കി, ഗലസി, ഭൂതയാർ തുടങ്ങിയ കാട്ടിനകത്തുള്ള ആദിവാസി കോളനികൾക്കും ഈ പദ്ധതികൾ പ്രയോജനം ചെയ്യും. പക്ഷേ 2015 ആയിട്ടും ആ

പദ്ധതിയുടെ പകുതിപ്പോലും പൂർത്തീകരിച്ചിട്ടില്ല. അതിൽ ഫുഡ് സപ്പോർട്ടിനും കുടിവെള്ളത്തിനും ഭവനനിർമ്മാണത്തിനുമുള്ള പ്രോഗ്രാമുകളുണ്ട്. ഇത് കാട്ടിനകത്തായതുകൊണ്ട് സാധനസമാഗ്രികൾ കൊണ്ടുപോകാൻ പ്രയാസമുണ്ട്. അത് സമ്മതിക്കുന്നു. എന്നാൽ ആ പദ്ധതി ഏൽപ്പിച്ചിട്ടുള്ള ഏജൻസിയും അത് ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും തീരെ ശുഷ്കാന്തി കാണിക്കുന്നില്ല. ഈ പദ്ധതി 2015-ൽ പൂർത്തീകരിക്കേണ്ടതാണ്. ഈ സമയം വരെ ഇതിന് കാര്യമായ ഒരു പുരോഗതിയുമില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഒരു പ്രത്യേകമായ കാര്യം പറയാനുള്ളത്, ഇപ്പോൾ കാലവർഷത്തിന്റെ ദുരിതം അനുഭവിക്കുകയാണ്. പുഴകൾ നിറഞ്ഞുകവിഞ്ഞതുകൊണ്ട് ചില കോളനികൾ ഒറ്റപ്പെട്ടു കിടക്കുകയാണ്. അവർക്കുള്ള ഭക്ഷണം എത്തിച്ചുകൊടുക്കേണ്ടതാണ്. അത് എത്തിക്കാൻ കഴിയാത്ത ഒരു സ്ഥിതിയുണ്ട്. ഇത് പ്രത്യേകമായി മന്ത്രി ശ്രദ്ധിച്ച്, ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസി കോളനികൾക്ക്, പ്രത്യേകിച്ച് അട്ടപ്പാടിയിലെ ആദിവാസികോളനികളിൽ ഈ പഞ്ഞമാസങ്ങളിൽ ഭക്ഷ്യസാധനങ്ങൾ പ്രത്യേകമായി വിതരണം ചെയ്യാനുള്ള ഒരു സ്കീമുണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്. കാലവർഷം

കൂടിയതുകൊണ്ട് ഒറ്റപ്പെട്ടുകിടക്കുന്ന സങ്കേതങ്ങളുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവർക്കാവശ്യമായ ഭക്ഷണ സാധനങ്ങളടക്കം എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനാവശ്യമായ പണവും അനുവദിച്ചു നൽകിയിട്ടുണ്ട്. തീർച്ചയായും ഗൗരവമുള്ള ഒരു ചോദ്യമാണിത്. കുറുമ്പ മേഖലയിലാണ് പ്രത്യേക ഗോത്രവർഗ്ഗങ്ങൾക്കായുള്ള പദ്ധതി നടപ്പിലാക്കിയത്. കിലോമീറ്ററുകൾക്കുള്ളിലാണ് ഈ കുറുമ്പ മേഖലയുള്ളത്. അവിടെ റോഡില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അവർക്ക് വീടുപണിയുന്നതിനുവേണ്ടി മെറ്റീരിയലുകൾ എത്തിക്കാൻ വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി ഉടൻ തന്നെ പൂർത്തീകരിക്കാനുള്ള നടപടിയുണ്ടാകും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഗോത്രവർഗ്ഗങ്ങൾക്കുവേണ്ടിയുള്ള വികസന പദ്ധതി പോലെ തന്നെ പ്രധാനപ്പെട്ടതാണ് ഊരുകളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം. കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ഒട്ടനവധി വിഷയങ്ങൾ നമ്മൾ ഈ കാലഘട്ടത്തിൽ ചർച്ച ചെയ്യുകയും വളരെ ഗൗരവതരമായ വിഷയങ്ങളിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ച ഒരു ചോദ്യമാണ്, വനത്തിന്റെ ഉൾപ്രദേശങ്ങളിൽ

താമസിക്കുന്ന മലമ്പണ്ടാരം വിഭാഗത്തിൽപ്പെട്ട ആൾക്കാരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനും കണ്ടുപിടിക്കുന്നില്ല. കാരണം ടൈഗർ റിസർവ്വിനകത്തൊക്കെ താമസിക്കുന്ന ആളുകളെ, അതിനുള്ളിൽ പോയി കണ്ടുപിടിച്ച് അവർക്കാവശ്യമായ സേവനങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ളത് ഈ ഉദ്യോഗസ്ഥന്മാരെ കൊണ്ട് ഒരു കാരണവശാലും പ്രായോഗികതലത്തിൽ നടക്കുന്നതല്ല. എന്നാൽ ബന്ധപ്പെട്ട മൂന്ന് വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടെന്ന് പറയുമ്പോഴും, വനം വകുപ്പിനേയും ട്രൈബൽ ഡിപ്പാർട്ടമെന്റിനേയും ഏകോപിപ്പിച്ച് നടത്തേണ്ട ഈ പദ്ധതിയിൽ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ ഒരു കോൺട്രിബ്യൂഷനുമില്ല. വനംവകുപ്പിന്റെ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടിയാണ് മലമ്പണ്ടാരം വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഇടുക്കി മേഖലയിൽ, പ്രത്യേകിച്ച് പീരുമേട് നിയോജകമണ്ഡലത്തിന്റെ നിരവധി കേന്ദ്രങ്ങളിൽ, ആവശ്യമായുള്ള ഭക്ഷണം എത്തിച്ചുകൊടുക്കുന്നത്. ആ പണമെങ്കിലും വനം വകുപ്പിന് കൊടുക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ ?

<u>ശ്രീമതി പി.കെ. ജയലക്ഷ്മി</u>: സർ, തീർച്ചയായും ചെയ്യാം. ഒരുമാസം ഒരു സ്ഥലത്ത് താമസിക്കും, അടുത്ത മാസം വേറെ സ്ഥലത്ത് താമസിക്കുന്ന ആൾക്കാരാണ് മലമ്പണ്ടാരം വിഭാഗത്തിലുള്ളത്. ഇത് വളരെ ഗൗരവമുള്ള

വിഷയമാണ്. എനിക്കും പലപ്പോഴും വിഷമം തോന്നിയിട്ടുള്ള ഒരു സംഭവം കൂടിയാണിത്. മാറി മാറി താമസിക്കുന്നതുകൊണ്ട് ഇവരെ കണ്ടുപിടിക്കാൻ തന്നെ പലപ്പോഴും ഉദ്യോഗസ്ഥർ പ്രയാസമനുഭവിക്കുന്നുണ്ട്. തീർച്ചയായും അതിനാവശ്യമായ എല്ലാ സംവിധാനങ്ങളും, ഫുഡ് സപ്പോർട്ടടക്കമുള്ള കാര്യങ്ങൾ അനുവദിക്കുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്ജ്</u>: സർ, ഇവിടെ വിശദമായ ചർച്ചകളുൾപ്പെടുന്ന ചോദ്യങ്ങളാണ് ചോദിക്കുന്നത്. അത് വളരെ ഉപകാരപ്രദമാണ്. പക്ഷേ എന്റെ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നുവെന്ന് പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ മുണ്ടക്കയം-എരുമേലി-കോരിത്തോട് എന്നീ മേഖലകളിൽ പുതിയ രണ്ട് ഹൈസ്കൂളുകൾ പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി പ്രൊമോട്ട് ചെയ്യുകയുണ്ടായി. പക്ഷേ അദ്ധ്യാപകരില്ല. കത്തും കൊണ്ട് ഡി.പി.ഐ യുടെ പുറകേ നടന്നിട്ട് ഒരു ഫലവും കാണുന്നില്ല. ആദിവാസി കുട്ടികളുള്ള സ്കൂളുകളിലെങ്കിലും അവരെ പഠിപ്പിക്കാൻ അദ്ധ്യാപകരുണ്ടാകണം, ഹെഡ് മാസ്റ്റർ പോലുമില്ല, അതാണ് സങ്കടം. അവിടെ കെട്ടിടമില്ല. അദ്ധ്യാപകരെ കൊടുക്കാൻ ഒരു ശ്രമം നടത്തണം. അതിന് നടപടിയുണ്ടാകുമോ ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത്

വിദ്യാഭ്യാസ വകുപ്പാണ്. തീർച്ചയായും ഇക്കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സർ, ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നേരത്തേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദിവാസി കുട്ടികൾക്ക് പഠിക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു. പക്ഷേ റസിഡൻഷ്യൽ സ്കൂളിൽ പോകുന്നതിന് പ്രായമാകാത്ത കുട്ടികളുണ്ട്, പ്രീപ്രൈമറി വിദ്യാർത്ഥികൾ. അവരെ സംബന്ധിച്ചിടത്തോളം അംഗനവാടികളാണ് ആശ്രയം. എന്നാൽ കഴിഞ്ഞ ആഴ്ച വിതുര പഞ്ചായത്തിലെ തച്ചരിക്കാലയിൽ ഒരു അംഗനവാടി കണ്ടു. കഴിഞ്ഞ എട്ടൊൻപത് വർഷമായി അത് അടഞ്ഞ് കിടക്കുകയാണ്. ഞാൻ നേരിട്ട് പതിനഞ്ച് കുട്ടികളെ എണ്ണി, അവിടെ പഠിക്കാനുണ്ട്. ഞാൻ ചെന്ന സ്ഥലത്ത് അവർ വന്നിരുന്നു. എനിക്ക് തോന്നുന്നു, അത് ആരുടേയും കുറ്റമല്ല. ഐ.റ്റി.ഡി.പി. അംഗനവാടിയായിരുന്നു. ഐ.സി.ഡി.എസ്. പ്രോഗ്രാമിലേയ്ക്ക് വിതുര പഞ്ചായത്ത് വന്നപ്പോൾ  അത് വിട്ടുപോയിക്കാണും. സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും കൂടി ഈ പ്രശ്നം പരിഹരിച്ച്, നാലും അഞ്ചും കുട്ടികളുള്ള

അംഗനവാടികൾ വരെ പ്രവർത്തിക്കുന്നുണ്ട്, അപ്പോഴാണ് പതിനഞ്ചുകുട്ടികൾ പഠിക്കാൻ തയ്യാറുള്ള അംഗനവാടി പൂട്ടിക്കിടക്കുന്നത്. അത് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടിയുണ്ടാകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, അംഗനവാടികൾ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് മാറികൊടുത്തിട്ടുള്ള സ്ഥാപനമാണ്. അത് പഞ്ചായത്തുകൾ തന്നെ മുൻകൈ എടുത്ത് നടത്തേണ്ടതാണ്. അതിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. അജിത്: സർ, അട്ടപ്പാടി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പോഷകാഹാരക്കുറവുമൂലം നിരവധി കുട്ടികൾ മരിക്കുന്നുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിൽ കുരങ്ങ് രോഗം ബാധിച്ച് അമ്പതിലധികം ആൾക്കാർ ആശുപത്രിയിലാണ്. സി.പി.ഐ എം.എൽ.എ. മാരുടെ സംഘം അവിടെ അന്വേഷിക്കാൻ പോയിരുന്നു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വീഴ്ചകളുണ്ടാകുന്നുണ്ടെന്ന പരാതിയാണ് അവിടെയുള്ളവർ പറയുന്നത്. അവിടെ കാരുണ്യപരമായ എന്തെങ്കിലും പ്രവർത്തനങ്ങൾ ചെയ്യുന്നത് ഒരു സ്വകാര്യ ആശുപത്രിയാണ്. മന്ത്രിയുടെ മണ്ഡലത്തിലുൾപ്പെടെ എൺപതിലധികം ആൾക്കാർ

കുരങ്ങ് രോഗം ബാധിച്ച് ഭയാനകമായ അവസ്ഥയിൽ നിൽക്കുമ്പോൾ ഗവൺമെന്റ് നിശ്ചലാവസ്ഥലയിൽ നിൽക്കുകയാണ്. അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. അവർക്ക് സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും ചെയ്യാനുള്ള നടപടിയുണ്ടാകുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, കുരങ്ങുപനിയുമായി ബന്ധപ്പെട്ട് ബത്തേരി നിയോജക മണ്ഡലത്തിലാണ് ആദ്യമായി റിപ്പോർട്ട് ചെയ്തത്. റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ ബഹുമാന്യനായ എം.എൽ.എ.-യും ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രിയും ഞാനും ഈ സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ട എല്ലാവകുപ്പിലെയും ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തോടുചേർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്കാണ് കൂടുതലായും ഈ പനി ബാധിച്ചിരിക്കുന്നത്. ചത്ത കുരങ്ങിന്റെ ശരീരത്തിലുള്ള ചെള്ള് കടിച്ചവർക്കാണ് പനി വരുന്നതെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കുരങ്ങുകൾ ചത്ത പ്രദേശങ്ങളിൽ അസുഖം കൂടുതലായി റിപ്പോർട്ട് ചെയ്തപ്പോൾ പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കൊടുക്കുകയും ആവശ്യമായ മരുന്നുൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനുള്ള

ധനസഹായം, പ്രത്യേകിച്ച് പട്ടികവർഗ്ഗവികസന വകുപ്പ് ആ മേഖലയിലുള്ള ആദിവാസി ജനവിഭാഗങ്ങളിലെ പനി ബാധിച്ച എല്ലാ കുടുംബങ്ങളിലുമുള്ളവർക്ക് മറ്റുജോലികൾക്കൊന്നും പോകാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ ഫുഡ് സപ്പോർട്ട് കൊടുക്കുകയും 45 കിലോ അരി വീതം മറ്റ് ഭക്ഷ്യസാധനങ്ങളടക്കം കിറ്റായി മാർച്ച് മാസം വരെ കൊടുത്തിട്ടുണ്ട്. ഇവരുടെ ചികിൽസയ്ക്ക് ഹോസ്പിറ്റലിൽ എത്തുമ്പോൾ കൂടെ നിൽക്കുന്നവർക്ക് 200 രൂപ വീതവും അസുഖം ബാധിച്ച എല്ലാവർക്കും 10,000 രൂപ വീതവും പട്ടികവർഗ്ഗ വികസനവകുപ്പ് കൊടുത്തിട്ടുണ്ട്. ജില്ലാകളക്ടർ ഒരു സെൽ കളക്ടറേറ്റിൽ ആരംഭിക്കുകയും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും മീറ്റിംഗുകൾ ആഴ്ചയിൽ നടത്തുകയും അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് പട്ടികജാതി വികസനവകുപ്പ് ഇതിനാവശ്യമായ ഫണ്ടടക്കം എല്ലാ സംവിധാനങ്ങളും കൊടുത്തിട്ടുണ്ട്. ഫുഡ് സപ്പോർട്ട് അടക്കം മുപ്പത് ലക്ഷം രൂപയോളം കുരങ്ങുപനി ബാധിച്ച മേഖലകളിൽ കൊടുത്തിട്ടുണ്ട്. ആവശ്യമായ ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടെ എത്തിച്ചിട്ടുണ്ട്. കുരങ്ങുപനി ബാധിച്ച് മരിച്ച ഏഴുപേരുടെ കുടുബങ്ങൾക്ക് 2 ലക്ഷം രൂപ വീതം പട്ടികവർഗ്ഗ വികസനവകുപ്പ് കൊടുത്തിട്ടുണ്ട്. 10,000 രൂപ വീതം അസുഖം ബാധിച്ച ആളുകൾക്കും കൊടുത്തിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, ആദിവാസികൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അട്ടപ്പാടിയിലും ആദിവാസികളുടെ എണ്ണം വലിയതോതിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പോഷകാഹാരക്കുറവു കൊണ്ടുള്ള മരണമാണ് ഇതിന് കാരണമെന്ന് എല്ലാവർക്കുമറിയാം. അതിനാണ് കമ്മ്യൂണിറ്റി കിച്ചൺ സമ്പ്രദായം ഏർപ്പെടുത്തിയത്. കമ്മ്യൂണിറ്റി കിച്ചൺ സമ്പ്രദായത്തിലെ അശാസ്ത്രീയത കാരണം ആ സമ്പ്രദായമിപ്പോൾ പ്രായോഗികമാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് സ്റ്റീംമ്ഡ് കിച്ചൺ ഉൾപ്പെടെയുള്ള ആധുനിക സമ്പ്രദായങ്ങൾ അവിടെ ഏർപ്പെടുത്തിക്കൊണ്ട് കമ്മമ്മ്യൂണിറ്റി കിച്ചൺ എന്നത് പ്രായോഗികമാക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുമോ; ധനകാര്യവകുപ്പ് പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിന് കൊടുക്കുന്ന പണത്തിൽ നിയന്ത്രണങ്ങൾ ഒഴിവാക്കുമോ; ട്രഷറിയുടെ നിയന്ത്രണങ്ങളിൽ നിന്ന് പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിന് പണം നിയന്ത്രണമില്ലാതെ കൊടുക്കാനാവശ്യമായ സംവിധാനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇപ്പോൾ അങ്ങനെ നിയന്ത്രണങ്ങളൊന്നും തന്നെയില്ല. ഇത് പരിശോധിക്കാവുന്നതാണ്. കമ്മമ്മ്യൂണിറ്റി കിച്ചൺ നന്നായി നടക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ആദിവാസികൾ താമസിക്കുന്ന ഭാഗങ്ങൾ, പ്രത്യേകിച്ച് കോളനികൾ ഫോറസ്റ്റുമായി ബന്ധപ്പെട്ടിട്ടുള്ള പ്രദേശത്തോട് സാമീപ്യമുള്ളവയാണ്. കാലവർഷക്കെടുതി വളരെ രൂക്ഷമാകുന്ന സാഹചര്യത്തിൽ ഇടുക്കി ഉൾപ്പെടെയുള്ള പല പ്രദേശങ്ങളിലും വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ അടിയന്തരമായി എത്തിക്കുന്നുണ്ടെങ്കിലും വീട് നഷ്ടമായാൽ അല്ലെങ്കിൽ വളരെ പെട്ടെന്ന് വീഴാൻ സാദ്ധ്യതയുള്ള ചില മരങ്ങൾ അപകടകരമായ ഭീഷണി ഉയർത്തുന്ന സാഹചര്യങ്ങളിലൊക്കെ പൊതുമരാമത്ത് വകുപ്പിന് ജില്ലാകളക്ടറുടെ നിർദ്ദേശത്തോടുകൂടി റോഡ് സൈഡിലുള്ള മരങ്ങൾ വെട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തതായി അറിയുന്നു. എന്നാൽ ഐ.റ്റി.ഡി.പി. ഉദ്യോഗസ്ഥരെക്കൊണ്ട് കോളനികൾ അടിയന്തരമായി സന്ദർശിച്ച് കോളനികളുടെ ചുറ്റുവട്ടത്തുള്ള വീഴാറായി നിൽക്കുന്ന മരങ്ങളുണ്ടെങ്കിൽ അപകടസാഹചര്യം ഉണ്ടാകുന്നതിനുമുമ്പുതന്നെ ആ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നിർദ്ദേശം അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ചോദിച്ചത്. ഇത് പലസ്ഥലങ്ങളിലും, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ആദിവാസികൾ വനത്തിലാണ് താമസിക്കുന്നത്. അപകടഭീഷണിയുള്ള മരങ്ങൾ പല

ഊരുകളിൽത്തന്നെയുണ്ട്. തീർച്ചയായും ഐ.റ്റി.ഡി.പി. ഉദ്യോഗസ്ഥർ അത് പരിശോധിച്ച് ജില്ലാകളക്ടർക്ക് റിപ്പോർട്ട് കൊടുക്കുന്നതിന് കർശനമായ നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ സഭ ഇന്ന് ചർച്ച ചെയ്യുന്നത് വളരെയേറെ ദുരിതമനുഭവിക്കുന്ന ഒരു ജനവിഭാത്തിന്റെ പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും നൽകുന്ന മറുപടി ശ്രവിച്ചാൽ നമുക്ക് തോന്നുന്നത് ഏറ്റവും സന്തുഷ്ടമായ ജീവിതം നയിക്കുന്നവരാണ് ആദിവാസികൾ എന്നാണ്. പക്ഷേ ഈ അടുത്തകാലത്തുപോലും 10 കുട്ടികളാണ് ആദിവാസി മേഖലയിൽ മരിച്ചുവീണത്. ഇത് പദ്ധതികളുടെ അപര്യാപ്തതമൂലമാണോ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പാളിച്ചയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; അത് പരിശോധിച്ച് ഈ വിഭാഗം ജനങ്ങൾക്ക് ഫലപ്രദമായ സൗകര്യങ്ങളും സഹായങ്ങളും ലഭ്യമാക്കാൻ അടിയന്തരമായി ഒരു പുനരാലോചന ഈ പ്രവർത്തനങ്ങളെക്കുറിച്ച് നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, എല്ലാ വകുപ്പുകളുടെയും ഫലപ്രദമായ ഇടപെടൽ നിമിത്തമാണ് ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചതെന്ന് നേരത്തേ സൂചിപ്പിച്ചിരുന്നതാണ്. തീർച്ചയായും വളരെ ഗൗരവത്തോടെയാണ്

അട്ടപ്പാടിയിലെ വിഷയം ഗവൺമെന്റ് കണ്ടിട്ടുള്ളത്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, പട്ടികഗോത്രവർഗ്ഗക്കാർ അധികമുള്ള നിയോജക മണ്ഡലമാണ് വാമനപുരം. കാട്ടാക്കടയും അതുപോലെയാണ്. ആ പ്രദേശത്ത് ആദിവാസികൾക്കുവേണ്ടി ഒരു ഹോസ്റ്റലിന്റെ പണി തുടങ്ങിയിരുന്നു. ഞാൻ വരുന്നതിനുമുമ്പ് തുടങ്ങിയതാണ്. നാലുകൊല്ലം കഴിഞ്ഞിരിക്കുകയാണ്. ആ ഹോസ്റ്റലിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എന്താണ് കാരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇത് പ്രത്യേകം പരിശോധിക്കാം. കാരണം ഇത് ചോദ്യം വേറെയാണ്. കൃത്യമായിട്ടറിയില്ല. എന്തുകൊണ്ടാണ് പണി പൂർത്തീകരിക്കാത്തത് എന്ന് പ്രത്യേകം പരിശോധിക്കാം.

## സഹകരണ മേഖലയിൽ പലിശരഹിത ഹ്രസ്വകാല കാർഷിക വായ്പാ പദ്ധതി

2 (*32) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. ജോസഫ് വാഴയ്ക്കൻ:

ശ്രീ. കെ. ശിവദാസൻ നായർ:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ; ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

സഹകരണവും ഖാദിഗ്രാമവ്യവസായും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ,

(എ) സഹകരണ മേഖലയിൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന്

അർഹതയുള്ളൂ. പ്രാഥമിക കാർഷക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷികാവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. മേൽവായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ.

ഇതിനുപുറമെ നെൽകൃഷിക്കെടുത്ത വായ്പ യഥാസമയം തിരിച്ചടവ് നടത്തുന്നവർക്കും പലിശ സബ്സിഡി അനുവദിച്ചുവരുന്നുണ്ട്.

(ബി) ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക കാലാവധിക്കുള്ളിൽ കുടിശ്ശികയില്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന പരമാവധി 3 ശതമാനം പലിശ സബ്സിഡി കഴിച്ച് പരമാവധി 5 ശതാമനം പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശയിളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകളക്ക് 7 ശതമാനം പലിശ ആയതിനാൽ 3 ശതാമനം പലിശ സബ്വെൻഷൻ കഴിച്ച് ബാക്കി 4 ശതമാനം പലിശയാണ് സബ്സിഡിയായി അനുവദിക്കുന്നത്.

നെൽകൃഷിക്ക് വായ്പയെടുത്ത കർഷകരിൽ യഥാസമയം തിരിച്ചടവ്

നടത്തുന്നവർക്കും 7 ശതമാനം പലിശ സബ്സിഡിയായി അനുവദിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ ബാങ്കുകളിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സർ, കാർഷിക വായ്പകൾക്കുള്ള പലിശയിളവ് പദ്ധതി 30.06.2015 വരെ മാത്രമായി നിജപ്പെടുത്തിക്കൊണ്ട് നബാർഡിന്റെ ഒരു നിർദ്ദേശം ഉള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യത്തിൽ എന്തു നടപടി കൈക്കൊള്ളും?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടുപയോഗിച്ച് 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്യുന്ന മൂന്നുലക്ഷം രൂപവരെയുള്ള വിള വായ്പകൾക്കാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്ന 2 ശതമാനം പലിശയിളവും പ്രസ്തുത വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് അനുവദിക്കുന്ന 3 ശതമാനം പലിശയിളവും 30.06.2015 വരെ മാത്രമായി നിജപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ നബാർഡിന്റെ സർക്കുലർ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പക്ഷേ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം 31.07.2015 വരെ ദീർഘിപ്പിച്ചതായി നബാർഡ് പിന്നീട് അറിയിച്ചിട്ടുണ്ട്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്

ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം കർഷകർക്ക് സ്ഥിരമായി ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്ര ധനകാര്യ-കൃഷിവകുപ്പുമന്ത്രിമാരുടെ അടിയന്തര യോഗം കൂടി നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, പലിശ രഹിത ആനുകൂല്യം എത്ര കർഷകർക്ക് ലഭ്യമായിട്ടുണ്ടെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പ്രാഥമിക കാർഷിക വികസന ബാങ്കുകൾ അടക്കമുള്ള സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പകൾ, 2011-2012-ൽ 2665.47 കോടി രൂപയും 2012-2013-ൽ 2841.32 കോടി രൂപയും 2013-2014-ൽ 3275.3 കോടി രൂപയും 2014-2015-ൽ 3799.97 കോടി രൂപയുമാണ്.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, നബാർഡിന്റെ റീ-ഫൈനാൻസിംഗിലൊക്കെ വെട്ടിക്കുറവുകൾ വരുത്തിയിയിരിക്കുന്നതായുള്ള വലിയ പരാതികൾ ഉണ്ടായിട്ടുണ്ട്. ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലൂടെയാണ് നബാർഡ് പുനർ വായ്പാ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതുപോലെതന്നെ നബാർഡിന്റെ പുനർ വായ്പാ പദ്ധതി പ്രകാരം കാർഷികവും കാർഷിക അനുബന്ധ

മേഖലകളിലുമായി മുൻവർഷം വിതരണം ചെയ്ത തുക എത്രയാണെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, നബാർഡ് 2014-2015-ൽ പുനർ വായ്പാ പദ്ധതി പ്രകാരം കാർഷിക – കാർഷിക അനുബന്ധ മേഖലയിൽ 21757.37 ലക്ഷം രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. മറ്റു പ്രോഗ്രാമിന് സംസ്ഥാന സഹകരണ ബാങ്കുവഴി 1300 കോടിയോളം രൂപ നേരത്തെ പറഞ്ഞ കാർഷിക – കാർഷിക അനുബന്ധ വായ്പകൾക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പലിശ രഹിത ഹ്രസ്വകാല കാർഷിക വായ്പാ പദ്ധതിയെക്കുറിച്ചാണ് ഇവിടെ ചോദ്യം ചോദിച്ചിരിക്കുന്നത്. ഹ്രസ്വകാല വായ്പയ്ക്ക് രണ്ട് തരത്തിലുള്ള സബ്സിഡിയാണ് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നത്. ഒന്ന്, 7 ശതമാനം പലിശയ്ക്ക് കർഷകർക്ക് പണം കൊടുക്കുമ്പോൾ രണ്ടര ശതമാനം കേന്ദ്ര ഗവൺമെന്റ് ഇന്ററസ്റ്റ് സബ്‌വെൻഷൻ കൊടുക്കുന്നു. അതുകൂടാതെ കൃത്യമായി പലിശ തിരിച്ചടയ്ക്കുമ്പോൾ മൂന്ന് ശതമാനം പലിശയിളവ് കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നു. അപ്പോൾ അഞ്ചര ശതമാനമാണ് കേന്ദ്ര ഗവൺമെന്റ് പലിശ സബ്സിഡി കൊടുക്കുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് സംസ്ഥാന ഗവൺമെന്റ് രണ്ടര ശതമാനം പലിശ സബ്സിഡി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

ആ രണ്ടര ശതമാനംകൂടി ആകുമ്പോൾ നമുക്ക് ഒന്നര ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കാൻ കഴിയും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പലിശ രഹിത വായ്പ പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ കൊടുത്തു. പക്ഷെ അതിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ഉണ്ടായിരുന്നില്ല. ജില്ലാ സഹകരണ ബാങ്കുതന്നെ അതിന് പണം കണ്ടെത്തി കൊടുക്കുകയായിരുന്നു. ഇവിടെ കാർഷിക ഗ്രാമവികസന ബാങ്ക് കൊടുക്കുന്ന ഹ്രസ്വകാല വായ്പയാണെങ്കിലും ദീർഘകാല വായ്പയാണെങ്കിലും അതിന് പലിശ സബ്സിഡി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നില്ല. ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിന് പണം കൊടുക്കാതെ ഹ്രസ്വകാല വായ്പ മാത്രം കൊടുത്തതുകൊണ്ട് കാർഷിക പുരോഗതി ഉണ്ടാവുകയില്ല. അതുകൊണ്ട് ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിനുകൂടി പലിശ സബ്സിഡി/ഇന്ററസ്റ്റ് സബ്‌വെൻഷൻ നടപ്പിലാക്കുന്നതിന് കേന്ദ്രത്തിനോട് ആവശ്യപ്പെടുമോ; അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്ന ഇന്ററസ്റ്റ് സബ്സിഡി, കൃത്യമായി തിരിച്ചടയ്ക്കുന്ന ആളുകൾക്ക് ഹ്രസ്വകാല വായ്പയാണെങ്കിലും ദീർഘകാല വായ്പയാണെങ്കിലും അത് നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. പക്ഷെ ദീർഘകാല വായ്പയ്ക്ക് അങ്ങനെ ഒരു ആനുകൂല്യം കൊടുക്കുന്നത് ഇപ്പോൾ

നിലവിലില്ല. ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് മാത്രമാണ് കൊടുക്കുന്നത്. 7 ശതമാനം പലിശ നിരക്കിൽ മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പയാണ് കൊടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ള പലിശ സബ്സിഡി രണ്ട് ശതമാനമാണ്. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് നൽകുന്ന മൂന്ന് ശതമാനം കിഴിച്ചുള്ള നാല് ശതമാനം സംസ്ഥാന ഗവൺമെന്റാണ് കൊടുക്കുന്നത്. 31.07.2015 വരെ കൊടുക്കുകയുള്ളൂവെന്നാണ് ഇപ്പോൾ നബാർഡ് പറയുന്നത്. അതിനുശേഷം എന്ത് വേണമെന്ന കാര്യം പിന്നീട് ആലോചിക്കേണ്ടതാണ്. തീർച്ചയായും സംസ്ഥാന ഗവൺമെന്റും ഇക്കാര്യത്തിൽ വളരെയധികം താൽപര്യമെടുക്കും. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെടും. പോരാതെ വരുന്ന സംഖ്യ സംസ്ഥാനംതന്നെ കാർഷിക മേഖലയിൽകൊടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിതമായി കൊടുക്കുന്നതിന്, പ്രത്യേകിച്ചും ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന, വിഷലിപ്തമായ പച്ചക്കറി ഉൽപന്നങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നതുകൊണ്ട് സ്വയംപര്യാപ്തമായ ജൈവ പച്ചക്കറി ഉൽപാദന സംസ്ഥാനമായി മാറ്റുകയെന്നതാണ് ലക്ഷ്യം. കൃഷി വകുപ്പ്

അതിനുവേണ്ടി നല്ല എഫർട്ട് എടുക്കുന്നുണ്ട്. സഹകരണ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ വഴി ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, പ്രത്യേകിച്ചും മട്ടുപ്പാവുകളിൽ/ടെറസ്സുകളിൽ കൃഷി ചെയ്യുന്നതിന് വീട്ടമ്മമാർ വളരെയേറെ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതിന് പലിശ രഹിത വായ്പ കൊടുക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ; അത് 2015-2016 സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പിന്റെ ഒരു പ്രധാന പദ്ധതിയായി ഏറ്റെടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശ്രദ്ധാപൂർവ്വം സഹകരണ വകുപ്പ് പരിശോധിച്ച് നടത്തിവരുന്നുണ്ട്. പ്രത്യേക പദ്ധതിയായി ജൈവ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് നേരത്തെ പറഞ്ഞ സബ്സിഡി അനുസരിച്ചുള്ള സംഖ്യ, മറ്റു മേഖലകളിൽ കൊടുക്കുന്ന വായ്പ അവർക്കുകൂടി ബാധകമാക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ശ്രീ. എം. ചന്ദ്രൻ: സർ, സംസ്ഥാനത്ത് ഏറെ പ്രതിസന്ധിയിലായിട്ടുള്ള ഒരു കൃഷിയാണ് നെൽക്കൃഷി മേഖല. ആ നെൽക്കൃഷി മേഖലയ്ക്കാണ് പലിശ രഹിത വായ്പ കൊടുത്തുവരുന്നത്. പക്ഷെ സംസ്ഥാന സർക്കാർ, സംസ്ഥാന

അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തി പലിശ രഹിത വായ്പയായി കൊടുക്കുമെന്ന് പ്രഖ്യാപിച്ചാൽ നെൽക്യഷി ചെയ്യുന്നവർക്ക് കുറെയേറെ ഉപകാരപ്രദമാകും. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നെൽവയലുകളിലെല്ലാം കൂടുതൽ കൃഷി ഇറക്കുന്ന സ്ഥിതിവിശേഷത്തിലേയ്ക്ക് കൃഷിക്കാരെ നയിക്കാനും കഴിയും. ഇത് സഹകരണ സംഘങ്ങളെ ഉപയോഗിച്ചാണ് നടത്തേണ്ടതെന്ന് പറയുമ്പോൾ ഈ സഹകരണ സംഘങ്ങളെ ഇല്ലാതാക്കാൻ വേണ്ടിയാണ് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് എല്ലാ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത്. അവർ മറ്റു ബാങ്കുകളിലൊന്നും കേന്ദ്രീകരിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളിലേയും നിക്ഷേപത്തിന്റെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഇപ്പോൾ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് നോട്ടീസ് ഇറക്കിയിരിക്കുകയാണ്. 2664 സഹകരണ ബാങ്കുകളിൽ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയും ഉണ്ടായി. ഇത് സഹകരണ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നവരുടെ രഹസ്യ സ്വഭാവം വെളിപ്പെടുത്താൻ ഉപകരിക്കുമെന്നുള്ളതുകൊണ്ട് നിക്ഷേപകർ സഹകരണ ബാങ്കുകളെ ആശ്രയിക്കാതെ വരുന്നു. ഇതിനൊരു പരിഹാരം കാണാൻ അങ്ങ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; ഒരു ലക്ഷം രൂപയിലധികം ഡെപ്പോസിറ്റുള്ളവരുടെ പേരുവിവരം ആരാഞ്ഞുകൊണ്ട് ഇൻകം ടാക്സ്

ഡിപ്പാർട്ടുമെന്റ് നോട്ടീസ് അയയ്ക്കുന്നത് നിർത്തിവയ്ക്കാൻ ഒരു സമീപനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഇൻകം ടാക്സിനെ സംബന്ധിച്ചുള്ള ഉത്തരവ് എവിടെനിന്നാണ് വരുന്നതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ; സംസ്ഥാന ഗവൺമെന്റിന് അതിൽ വലിയ പങ്കൊന്നുമില്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് ബന്ധപ്പെട്ടവരൊക്കെ തന്നെ ഈ കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനെ നിരന്തരമായി അറിയിക്കുന്നുണ്ട്. കാര്യമായ ഫലമൊന്നുമുണ്ടായില്ലെങ്കിലും ഇക്കാര്യങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥ തലങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെത്തന്നെ നമുക്കിത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഏതായാലും കൂട്ടായി ആലോചിച്ചുകൊണ്ട് എന്തുചെയ്യാൻ പറ്റുമെന്നുള്ള കാര്യം വീണ്ടും ആലോചിക്കാം. അന്ന് അസംബ്ലിയിൽ പറഞ്ഞ കൂട്ടത്തിൽ സഹകാരികളുടെ ഒരു സംഗമം മൂന്നാറിൽ മൂന്ന് ദിവസം നടത്തുന്നുണ്ട്. അന്ന് ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യാം.

ശ്രീ. കെ. അച്ചുതൻ: സർ, സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കൃത്യമായി തിരിച്ചടയ്ക്കുന്ന ആളുകൾക്ക് പലിശയിളവ് ലഭിച്ചിരുന്നു. അന്നുകാലത്തെല്ലാം ഞാൻ സഹകരണ സംഘത്തിന്റെ പ്രസിഡന്റാണ്. ജൂൺ

മാസം 30-ാം തീയതി രാത്രി 12 മണിവരെ പണം വാങ്ങിയാലും ആളുകളത്രയും പണമടയ്ക്കാൻ കൃത്യമായി വന്നിരുന്നു. ഇപ്പോൾ കാലാകാലമായി മാറിമാറി വരുന്ന ഗവൺമെന്റുകൾ വായ്പ തിരിച്ചടയ്ക്കാത്ത ആളുകൾക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതോടുകൂടി ഈ സഹകരണ മേഖല കംപ്ലീറ്റ് പ്രതിസന്ധിയിലാണ്. തിരിച്ചടവ് അടയ്ക്കാൻ ഉദ്ദേശിക്കുന്ന ആളുകൾ അടയ്ക്കുന്നില്ല. ഇതിനെസംബന്ധിച്ച് ഗവൺമെന്റ് ഇനിയെങ്കിലും ഒരു ഉത്തരവ് പുറപ്പെടുവിക്കണം. ഒരു കാരണവശാവും കൃത്യമായി തിരിച്ചടയ്ക്കാത്ത ആളുകൾക്ക് ആനുകൂല്യമില്ലെന്നും കൃത്യമായി അടയ്ക്കുന്നവർക്ക് എന്തെങ്കിലും ആനുകൂല്യം പ്രഖ്യാപിക്കാൻ കഴിയുമോ എന്നതുമാണ് എന്റെ ചോദ്യം. അതല്ലെങ്കിൽ സഹകരണ ബാങ്കുകൾ തകർന്ന് തരിപ്പണമാകുന്ന ഒരു സ്ഥിതിയാണ്. ഞാനൊരു ബാങ്കിന്റെ പ്രസിഡന്റെന്ന നിലയ്ക്ക് അനുഭവം വച്ച് പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഈ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. ഇനിയെങ്കിലും വെറുതെ ആവശ്യമില്ലാതെ, വായ്പ തിരിച്ചടയ്ക്കാത്തവർക്ക് ആനുകൂല്യം കൊടുക്കുന്ന നടപടി മാറ്റി കൃത്യം അടയ്ക്കുന്നവർക്ക് എന്തുകൊടുത്താലും കുഴപ്പമുണ്ടാകില്ല. അത് ചെയ്യാൻ ശ്രമിക്കണമെന്നാണ് എന്റെ ആവശ്യം.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഇത് ഇപ്പോൾ നടന്നുവരുന്നുണ്ട്. അദ്ദേഹം പറഞ്ഞത് ഏതാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. ശരിയായി ലോൺ

തിരിച്ചടയ്ക്കുന്നവർക്ക് ഈ സൗകര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. മറ്റ് സൗകര്യങ്ങൾ ചെയ്യില്ല. പണം യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് 5 ശതമാനം തുക കൊടുക്കുന്നുണ്ട്. അത് തുടർന്നും കൊടുക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞത് പരിശോധിക്കാം.

ശ്രീ. തോമസ് ചാണ്ടി: സർ, കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിതമായി കൊടുക്കുന്നത് നല്ല കാര്യമാണ്. എന്റെ നെല്ലെടുത്തുകൊണ്ട് പോയിട്ട് നാലുമാസമായി. ഞാനെങ്ങനെയാണ് അത് തിരിച്ചടയ്ക്കുന്നത്; ഞാനൊരു അനുഭവസ്ഥനാണ്, ഒരു കൃഷിക്കാരനാണ്. പല പ്രാവശ്യം തിരക്കി. എന്നും അക്കൗണ്ടിൽ പോയി തിരക്കും. കാശ് വരുന്നില്ല. അതിനുള്ള നടപടികൂടി സ്വീകരിച്ചിട്ടുവേണം ഇത് പ്രഖ്യാപിക്കാൻ.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, നെല്ല് എടുത്തതിന്റെ പണമൊക്കെ യഥാർത്ഥത്തിൽ മടക്കി അടയ്ക്കാനുള്ള സൗകര്യം ഉണ്ടായിട്ടുണ്ട്. ജില്ലാ ബാങ്കുകളിലൊക്കെ ഇപ്പോൾ കൊടുക്കുന്നുണ്ട്. അങ്ങേയ്ക്ക് എന്താണ് കിട്ടാത്തതെന്ന് അറിയില്ല. തീർച്ചയായിട്ടും ഇപ്പോൾ ശരിക്കും പണം കൊടുക്കുന്നുണ്ട്. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, സഹകരണ ബാങ്കുകളും കാർഷിക ഗ്രാമീണ

ബാങ്കുകളുമൊക്കെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ധാരാളം സേവനങ്ങൾ ചെയ്യുന്നുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം അത് വളരെ ഉപകാരപ്രദവുമാണ്. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സാധാരണക്കാരായ ആളുകൾക്ക് ചെറിയ പലിശ നിരക്കിൽ വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള സ്കീം ആവിഷ്ക്കരിക്കുകയും ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ട് പണം തിരിച്ചടവിനുവേണ്ടിയുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്തുകൊണ്ട് ഒരു പാർപ്പിട പദ്ധതി സഹകരണ ബാങ്കുകളിലൂടെ ആവിഷ്ക്കരിക്കുമോ; ഡിപ്പാർട്ടുമെന്റ് അതിന് തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ഈ പദ്ധതിക്ക് ഇപ്പോൾ ജില്ലാ സഹകരണ ബാങ്കിൽനിന്ന് വേണ്ടത്ര പണം കൊടുക്കുന്നുണ്ട്. ഏതെല്ലാം സ്ഥലത്താണ് വേണ്ടതെന്ന് അങ്ങ് പഞ്ചായത്ത് മുഖാന്തിരം ആവശ്യപ്പെടുകയാണെങ്കിൽ എത്ര സംഖ്യ വേണമെങ്കിലും കൊടുക്കാനുള്ള ഏർപ്പാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

<u>ശ്രീ. കെ. രാജു</u>: സർ, കാർഷിക മേഖലയെ സഹായിക്കുക എന്നുള്ളത് സഹകരണ പ്രസ്ഥാനത്തിന്റെ ഒരു പ്രധാനപ്പെട്ട കർത്തവ്യമാണല്ലോ. തരിശുകിടക്കുന്ന സ്ഥലങ്ങളിലെല്ലാം നെൽകൃഷി ചെയ്യുന്നതിനു വേണ്ടി ക്ലസ്റ്ററും മറ്റും

രൂപീകരിച്ചുകൊണ്ട് കൃഷിക്കാരുടെ ചെറിയചെറിയ സംഘങ്ങൾ ഇപ്പോൾ മുന്നോട്ടുവന്നിട്ടുണ്ട്. അത്തരം ഗ്രൂപ്പുകൾക്ക് സഹകരണ പ്രസ്ഥാനത്തിലൂടെ പലിശരഹിതമായി ലോൺ കൊടുക്കാൻ തയ്യാറായാൽ അവർ ഈ പറയുന്ന തരിശ്ശ് കിടക്കുന്ന നിലവും മറ്റും കൃഷി ചെയ്യുന്നതിന് തയ്യാറാകും. അതുകൊണ്ട് കൃഷിക്കാരുടെ ക്ലസ്റ്റർ ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് സഹകരണ ബാങ്കുകളെ സമീപിച്ചാൽ അവർക്ക് പലിശരഹിത വായ്പ കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള, കൃഷി സീസൺ തുടങ്ങുമ്പോൾ അതിനുതൊട്ടു മുമ്പായി അവർക്ക് ആ ലോൺ കിട്ടത്തക്ക രീതിയിലുള്ള ക്രമീകരണം സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കാൻ തയ്യാറാകുമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, സഹകരണ മേഖലയിലുള്ള പദ്ധതികളിൽ പ്രധാനപ്പെട്ട പദ്ധതിയാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. പലിശരഹിത വായ്പ എന്നുപറഞ്ഞാൽ സബ്സിഡി മുഖാന്തിരം നമുക്ക് ലോൺ കൊടുക്കാൻ സാധിക്കും. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കാതെ മറുപടി പറയാൻ പറ്റില്ല.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഹ്രസ്വകാല വായ്പ പലിശരഹിത വായ്പയായി കിട്ടുക എന്നുള്ളത് വലിയ ആശ്വാസമാണ്. പക്ഷേ സർക്കാർ അല്ലെങ്കിൽ നബാർഡ് വഴി പ്രഖ്യാപിക്കുന്ന ഇത്തരം ആനുകൂല്യങ്ങൾ

അർഹതപ്പെട്ടവന്റെ അടുത്തേയ്ക്ക് എത്തുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണസമിതിയുടെ കാരുണ്യത്തിനുകൂടി വിധേയമായി മാത്രമേ പല സ്ഥലത്തും ലഭ്യമാകുന്നുള്ളൂ. ഇത്തരം നീതി നിഷേധിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ താഴെത്തട്ടിലുണ്ടാകുകയും അവരൊക്കെ പരാതിപ്പെട്ടിക്ക് കൈയുംകാലും വച്ചതുപോലെ നടുറോഡിലൂടെ നടക്കുകയുമാണ്. സർക്കാർ പ്രഖ്യാപിക്കുന്ന ഇത്തരം ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് യഥാവസരം കിട്ടുന്നു എന്നുറപ്പ് വരുത്താൻ സർക്കാർ തലത്തിൽ തന്നെ ഒരു പ്രത്യേക മോണിറ്ററിംഗ് ഏർപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>: സർ, ഇത് പ്രത്യേകം പരിശോധിക്കാം. ചുരുക്കം ചില സ്ഥലത്ത് ഉണ്ടായിരിക്കാം. ഇല്ലെന്ന് പറയുന്നില്ല. ബഹുമാനപ്പെട്ട അംഗം ആ കാര്യങ്ങൾ പരിശോധിച്ച് എന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ, ഗവൺമെന്റ് കൊടുക്കുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് ഏതെങ്കിലും സഹകരണ സംഘങ്ങളോ അതിന്റെ പ്രവർത്തകൻമാരോ ചെയ്യുന്നുണ്ടെങ്കിൽ തീർച്ചയായും അതിനെ ഗുരുതരമായി കണക്കാക്കി വേണ്ട നടപടി എടുക്കുമെന്നുകൂടി അങ്ങയെ അറിയിക്കുകയാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ

(*33) ശ്രീ. സി. കെ. സദാശിവൻ:

ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. കെ. ദാസൻ:

ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ:

(ബി) സർക്കാരിന്റെ പരിശോധനാ വിഭാഗങ്ങളടക്കം, പൊതു മേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് നടത്തിയിട്ടുള്ള പരാമർശങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ബഹുഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും തകർച്ച നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ

നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയും വകുപ്പ് മന്ത്രി തലത്തിലും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും അവലോകനം നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പരിശോധനാ വിഭാഗമായ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെയും, Comptroller & Auditor General-ന്റെ റിപ്പോർട്ട് പ്രകാരവും സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും സാമ്പത്തിക ഇടപാടുകളെയും കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ടെങ്കിൽ അത് വിശദമായ പരിശോധിച്ച് ആവശ്യമായ നടപടികൾ കമ്പനി തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ പൊതുമേഖലാ സ്ഥാപനങ്ങളെ

കുറിച്ചുള്ള നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ആഗോള തലത്തിലുള്ള വ്യവസായ മാന്ദ്യവും ആനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി കാഴ്ചവച്ചിട്ടുള്ളത്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെയും, വർദ്ധിച്ച ഉൽപാദന ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും മികവുറ്റ ഉൽപാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതിക വിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. സി. കെ. സദാശിവൻ</u>: സർ, കേരളത്തിലെ പൊതുമേഖലാ

സ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. 95 പൊതുമേഖലാ സ്ഥാപനങ്ങളിൽ 48 എണ്ണവും നഷ്ടത്തിലാണിപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. താങ്കളുടെ ഭരണകാലത്ത് വിറ്റുവരവിലും ലാഭത്തിലും വൻ കുറവുണ്ടായിരിക്കുകയാണ്. നിരീക്ഷണവും അവലോകനവും മുറയ്ക്ക് നടക്കുന്നുണ്ടെന്ന് അങ്ങയുടെ ഉത്തരത്തിൽ പറയുന്നുണ്ട്. ആഗോളവൽക്കരണം ഒരു കാരണമാണെന്ന് പറയുന്നുണ്ട്. ആഗോളവൽക്കരണത്തിന്റെ രാക്ഷസ തിരമാല ആഞ്ഞടിച്ച ഘട്ടത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിൽ 300 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കിയത് എന്ന് താങ്കൾ മനസ്സിലാക്കണം. കുറെ മുതലാളിമാർ സെക്രട്ടേറിയറ്റിന്റെ ചുറ്റും കഴുകനെപ്പോലെ നടക്കുന്നുണ്ട്. ഇത് സംരക്ഷിച്ചു നിർത്താൻ, ലാഭകരമാക്കി മാറ്റാൻ എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മൊത്തം ലാഭത്തിൽ വലിയ കോൺട്രിബ്യൂഷൻ മലബാർ സിമെന്റ്സിന്റെയും കെ.എം.എം.എൽ.-ന്റെയുമായിരുന്നു. ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളും കഴിഞ്ഞ ഒരു വർഷം ആദ്യം കുറേ നഷ്ടമുണ്ടാക്കിയിരുന്നു. ഇപ്പോൾ രണ്ടും നല്ല ലാഭമുണ്ടാക്കുന്നുണ്ട്. ഈ കൊല്ലം വലിയ ലാഭം ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു മാസം മലബാർ

സിമെന്റ്സും കെ.എം.എം.എൽ.-ഉം നല്ല ലാഭം ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ കൊല്ലം വലിയ സംഖ്യ സർക്കാരിലേയ്ക്ക് വരും. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് അത്ര വലിയ ലാഭമൊന്നും മുമ്പും കിട്ടിയിട്ടില്ല. 15 പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ നല്ല ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തര സമയം കഴിഞ്ഞു.